## പ്രതിപക്ഷാംഗങ്ങളെ താക്കീത് ചെയ്യുന്നതിനുള്ള ഉപക്ഷേപം

തദ്ദേശസ്വയംഭരണ – എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024 ഒക്ടോബർ 07-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനിടെ ശൂന്യവേളയിൽ പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സഭാധ്യക്ഷനെതിരെ അധിക്ഷേപകരമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും അദ്ദേഹത്തിന്റെ മുഖം മറയത്തക്കവിധത്തിൽ വലിയ ബാനർ ഉയർത്തിപ്പിടിക്കുകയും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അത്തരം ചട്ടവിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും പിന്തിരിയാതിരിക്കുകയും ചെയ്തത് കടുത്ത അച്ചടക്കരാഹിത്യവും പാർലമെന്ററി മര്യാദയുടെ ലംഘനവുമാണ്. സഭാചട്ടങ്ങളും അംഗങ്ങളുടെ പെരുമാറ്റ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭാധ്യക്ഷനെതിരെ നടത്തിയ അധിക്ഷേപ പരാമർശങ്ങളെയും അക്രമ സമരങ്ങളെയും ഈ സഭ ശക്തമായി അപലപിക്കുന്നു.

അതോടൊപ്പം സഭാംഗങ്ങൾക്കുള്ള പെരുമാറ്റചട്ടങ്ങൾ ലംഘിച്ചുകൊണ്ടും സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ടും സർവ്വശ്രീ

മാത്യു കുഴൽനാടൻ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ് എന്നിവർ ചെയറിന്റെ ഡയസ്സിൽ ബലപ്രയോഗത്തിലൂടെ കടന്നുകയറുകയും ചെയറിനുനേരെ പാഞ്ഞടുക്കുകയും ചെയ്തതുമൂലം മേൽപ്പറഞ്ഞ നാലുപേരും സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിച്ചതായി ഈ സഭ വിലയിരുത്തുന്നു.

ആയതിനാൽ സർവ്വശ്രീ. മാത്യു കുഴൽനാടൻ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ്, എന്നീ അംഗങ്ങളെ അവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അവകാശ ലംഘനത്തിന്റെയും പെരുമാറ്റച്ചട്ട ലംഘനത്തിന്റെയും സഭയുടെ അന്തസ്സിന് നിരക്കാത്ത പ്രവർത്തനത്തിന്റെയും പേരിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അനുബന്ധം-II ആയി ചേർത്തിട്ടുള്ള പെരുമാറ്റചട്ടങ്ങളിലെ ചട്ടം 53 (എഫ്) പ്രകാരം ശക്തമായി താക്കീതുചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): നിയമസഭയിലെ സ്ക്രീനിൽ ഇപ്പോൾ കാണുന്നത് നിയമസഭാ സമ്മേളനം

അവസാനിപ്പിക്കുന്നതിനുള്ള പ്രമേയമെന്നാണ്. നിയമസഭാ സമ്മേളനം അവസാനിപ്പിക്കുന്നതിനുള്ള പ്രമേയമാണോ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്? ഒന്നാമത്തെ കാര്യം, ബഹളമുണ്ടാക്കി സമ്മേളനം അവസാനിപ്പിക്കാനുള്ള നടപടിയാണോയെന്ന സംശയമാണ്. രണ്ടാമത്തെ കാര്യം, സഭയിൽ ബാനർ പിടിച്ചതും പ്ലക്കാർഡ് പിടിച്ചതുമാണ് പരാതിയായി പറഞ്ഞത്. ബാനർ പിടിക്കാൻ തുടങ്ങിയത് ആദ്യമായിട്ടല്ല, 2024 ഒക്ടോബർ 07-ാം തീയതിയിലല്ല ആദ്യമായി ഇവിടെ ബാനർ പിടിക്കുന്നത്. ഈ സഭയുടെ ചരിത്രത്തിൽ നിരവധി തവണ ബാനർ പിടിക്കുകയും സ്പീക്കറുടെ മുഖം മറയ്ക്കുകയും പ്ലക്കാർഡ് ഉയർത്തിപിടിക്കുകയും ചെയ്തു. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്....... പ്ലീസ്...... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ...... അങ്ങ് സംസാരിച്ചോളൂ......(.....ബഹളം.....)

<u>ശ്രീ. വി. ഡി. സതീശൻ</u>): സഭയുടെ നടുത്തളത്തിൽ പ്രതിപക്ഷമിറങ്ങിയാൽ സഭാ നടപടികൾ നിർത്തിവച്ചശേഷം നേതാക്കളെ ചർച്ചയ്ക്കുവിളിക്കുകയാണ് സാധാരണയായി സ്പീക്കർമാർ ചെയ്യാറുള്ളത്.

അതിനുശേഷം ഇവിടെ എത്രയോ തവണ സഭ ആരംഭിച്ചിട്ടുണ്ട്. അത് സഭയുടെ precedent ആണ്. ഇവിടത്തെ ഒരു പുതിയ പ്രാക്ടീസ് സഭാനടപടികൾ നിർത്തി വയ്ക്കുകയോ താൽക്കാലികമായി നിർത്തിവച്ച് ചർച്ച ചെയ്യുകയോ ഒന്നുമില്ല. എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ അത് സ്പീക്കറുടെ ചേംബറിൽ വച്ചാണ് പരിഹരിക്കപ്പെടാറുള്ളത്. അങ്ങനെ യാതൊരു സമീപനവുമില്ലാതെ ഏകപക്ഷീയമായി സഭയെ കൊണ്ടുപോകുകയാണ്. കഴിഞ്ഞദിവസം സഭയിൽ ഉണ്ടായ സംഭവം.... ചോദ്യങ്ങൾ ചോദിച്ചു, ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ അവതരിപ്പിച്ചു, ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. അടിയന്തരപ്രമേത്തിന് നോട്ടീസ് കൊടുത്തെങ്കിലും നോട്ടീസ് കൊടുത്തയാളെ കൊടുത്തയാളെ വിളിക്കുകപോലും ചെയ്യാതെ സ്പീക്കർ സഭാനടപടികൾ നിർത്തിവയ്ക്കുകയാണുണ്ടായത്. (.....ബഹളം.......)

<u>മി. സ്പീക്കർ</u>: പ്ലീസ്...... കൺക്ലൂഡ്......

<u>ശ്രീ. വി. ഡി. സതീശൻ</u>: ആരാണ് ഒളിച്ചോടിയത്? (.....ബഹളം.....)

<u>മി. സ്പീക്കർ</u>: യെസ്...... പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. വി. ഡി. സതീശൻ</u>: ഒളിച്ചോടിയത് ഈ സഭയിലെ നോട്ടീസ് കൊടുത്ത അംഗത്തെ പോലും വിളിക്കാതെ......... (.....ബഹളം.....)

<u>മി. സ്പീക്കർ</u>: യെസ്...... അദ്ദേഹം പൂർത്തിയാക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സഭാനടപടികൾ നിർത്തി വച്ചു. നാളെ രാവിലെ 09.00 മണിക്ക് കാണാമെന്ന് പറഞ്ഞശേഷം സ്പീക്കർ പോയി. അതുകൊണ്ട് ഇവിടെ സ്പീക്കർ അധിക്ഷേപിക്കുകയോ........ സ്പീക്കർക്കെതിരായിട്ടുള്ള മുദ്രാവാക്യം ഇവിടെ ആദ്യമായിട്ടല്ല വിളിക്കുന്നത്. സ്പീക്കർ നിഷ്പക്ഷത പാലിക്കണം. സ്പീക്കർ നിഷ്പക്ഷത പാലിച്ചില്ലെങ്കിൽ ഈ സഭയുടെ നടുത്തളത്തിൽ സ്പീക്കർക്കെതിരായിട്ടുള്ള മുദ്രാവാക്യം എത്രയോ തവണ വിളിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്..... യെസ്.....

<u>ശ്രീ. വി. ഡി. സതീശൻ</u>: അങ്ങ് എന്തിനാണ് എന്നെ നിർത്തിക്കുന്നത്?

<u>മി. സ്പീക്കർ</u>: അങ്ങ് വേഗം അവസാനിപ്പിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞാൻ പൂർത്തിയാക്കട്ടെ. (....ബഹളം......)

മി. സ്പീക്കർ: പൂർത്തിയാക്കാമെന്ന് പറഞ്ഞിട്ട് വീണ്ടും സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: അങ്ങ് അനാവശ്യമായി ഇടപെടുകയാണ്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കണം..

ശ്രീ. വി. ഡി. സതീശൻ: ഞാൻ പൂർത്തിയാക്കട്ടെ, (.....ബഹളം........) അങ്ങ് അവരെ നിയന്ത്രിക്കണം. അങ്ങ് എന്നെയാണോ നിയന്ത്രിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് സംസാരിക്കണം. (.....ബഹളം........)

ശ്രീ. വി. ഡി. സതീശൻ: ബഹളമുണ്ടാക്കിയാലൊന്നും നിർത്തില്ല. ഈ പ്രമേയത്തെ ഞങ്ങൾ അതിശക്തിയായി എതിർക്കുന്നു. (.....ബഹളം........)

തദ്ദേശസ്വയംഭരണ - എക്സൈസ് - പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്നലെ നടന്ന സംഭവങ്ങളെ ഇന്നെങ്കിലും ന്യായീകരിക്കാതിരിക്കാൻ പ്രതിപക്ഷ നേതാവ് ശ്രമിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഒരുപക്ഷേ അദ്ദേഹത്തിന് അതിനെ തള്ളിപ്പറയാൻ കഴിയില്ലായിരിക്കും. പ്രതിപക്ഷനേതാവിന്റെ തന്നെ നിർദ്ദേശപ്രകാരമാണ്

അങ്ങയുടെ ഡയസ്സിലേയ്ക്ക് ഇടിച്ചുകയറിയത് എന്നുള്ളതല്ലേ അത് വ്യക്തമാക്കുന്നത്.

മി. സ്പീക്കർ: 15-ാംമത് കേരള നിയമസഭയിൽ എത്ര മാത്രം ചെയർ സംയമനം പാലിച്ചുവെന്നുള്ളത് സഭാരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ബഹുമാനപ്പെട്ട അംഗങ്ങൾ അവിടെ ഇരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറെ അധിക്ഷേപിക്കലും ക്രമവിരുദ്ധമായ കാര്യങ്ങൾ നടത്തലും തങ്ങളുടെ അവകാശമാണെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അതിന്റെ അവകാശത്തെക്കുറിച്ചാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് നേരത്തെ ഇവിടെ സംസാരിച്ചത്. നമ്മുടെ സഭയുടെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ ഈ സഭയിൽ പല ഘട്ടങ്ങളിലും പല രീതിയിൽ ഇടപെടലുകൾ വന്നിട്ടുണ്ട്. സ്വാഭാവികമായും നിയമസഭയിൽ പ്രതിപക്ഷം പ്രശ്നങ്ങൾ ഉന്നയിക്കുന്നത് നമുക്ക് മനസ്സിലാക്കാനാവും. അതിൽ വികാരപരമായി ചിലപ്പോൾ പ്രശ്നങ്ങൾ എടുക്കുന്നതും കാണാൻ കഴിയും. പക്ഷേ നിയമസഭയുടേതായ അന്തസ്സ് പാലിച്ചുകൊണ്ടുള്ള പരിധി ഇതിനെല്ലാം വേണം. ആ പരിധി ഇവിടെ

ലംഘിക്കുന്നതായാണ് പലപ്പോഴും കാണുന്നത്. വളരെ നിസ്സാരമായ കാരണങ്ങൾക്കടക്കം യു.ഡി.എഫ്. ഗവൺമെന്റുണ്ടായിരുന്ന കാലത്ത് അംഗങ്ങളുടെ നേരെ സ്വീകരിച്ചിരുന്ന നടപടി എന്തായിരുന്നുവെന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഓർക്കുന്നുണ്ടാകുമല്ലോ. ആ തരത്തിലേയ്ക്കൊന്നും ഇപ്പോൾ ഈ പ്രമേയത്തിൽ നിർദ്ദേശങ്ങൾ പോയിട്ടില്ല. നേരത്തെ സഭയിലുണ്ടായ ഒരു പ്രതിഷേധത്തിന്റെ ഭാഗമായിട്ടായിരുന്നു 2011 ഒക്ടോബറിൽ അന്നത്തെ മുഖ്യമന്ത്രി സഭയിലൊരു പ്രമേയം കൊണ്ടുവന്നത്. ആ പ്രമേയത്തിലൂടെ അന്ന് നിയമസഭാംഗങ്ങളായിരുന്ന ശ്രീ. ജെയിംസ് മാത്യുവിനെയും ശ്രീ. ടി. വി. രാജേഷിനെയും സഭയിൽനിന്നും സസ്പെൻഡ് ചെയ്യാൻ തീരുമാനിക്കുന്ന സ്ഥിതിയുണ്ടായി. എന്നാൽ എല്ലാ സീമകളും ലംഘിച്ചുകൊണ്ടുള്ള നടപടിയാണ് ഇന്നലെ ഇവിടെ കണ്ടത്. സാധാരണഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന സഭ പെട്ടെന്ന് ഡയസ്സിലേയ്ക്ക് തള്ളിക്കയറുന്ന ചില മെമ്പർമാരെയാണ് കണ്ടത്. അവരെക്കുറിച്ചാണ് പ്രമേയത്തിൽ പരാമർശിക്കുന്നത്. അതുപോലുള്ള കാര്യങ്ങളെങ്കിലും തള്ളിപ്പറയാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിന്

കഴിയാത്തത് ദൗർഭാഗ്യകരമായ കാര്യമാണ്. സഭയുടെ അന്തസ് പാലിച്ചുപോകുക എന്നത് ഏറ്റവും പ്രധാനമാണ്. ഇവിടെ കഴിഞ്ഞദിവസം സംഭവിച്ച കാര്യങ്ങൾ സംബന്ധിച്ച് വീണ്ടും ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നതായി കണ്ടു. ബഹു. സ്പീക്കർ സ്വീകരിച്ച നടപടികൾ തീർത്തും പാർലമെന്ററി രീതിയനുസരിച്ചുള്ളതാണെന്നാണ് ഞാൻ കണക്കാക്കുന്നത്. കാരണം നിയമസഭയിൽ ഇന്നലെ കൊണ്ടുവന്ന അടിയന്തര പ്രമേയം ചർച്ചചെയ്യാമെന്ന് ഗവൺമെന്റിനുവേണ്ടി ഞാൻ സമ്മതിച്ചു. ചർച്ചയ്ക്കുള്ള സമയവും അങ്ങ് പ്രഖ്യാപിച്ചു. പക്ഷേ അസാധാരണമായ സംഘർഷാവസ്ഥയാണ് പിന്നീട് ഇവിടെ കണ്ടത്. അതിന് പറയത്തക്ക ഒരു ന്യായവുമില്ല. ആ ചർച്ച ഒഴിവാക്കുകയെന്ന ഗൂഢോദ്ദേശ്യത്തിന്റെ ഭാഗമായാണ് അത്തരമൊരു നിലപാട് പ്രതിപക്ഷം സ്വീകരിച്ചതെന്നുമാത്രമേ കാണാൻ കഴിയൂ. ആകെ ബഹളമയമായി. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച രീതിയിൽ പ്രമേയാവതാരകനെ വിളിക്കുന്ന ഒരു പ്രശ്നം വരുന്നില്ല. കാരണം സഭാനടപടികൾ ആകെ അലങ്കോലമായി. അതിന്റെ ഭാഗമായി സഭാനടപടികൾ കൃത്യമായി നടത്തിക്കൊണ്ടുപോകാൻ സാധിച്ചില്ല.

അത്തരമൊരു ഘട്ടത്തിൽ സഭാനടപടികൾ പൂർത്തിയാക്കുന്ന നിലയിലേക്ക് സാധാരണ നമ്മുടെ സഭയിൽ നടന്നുവരുന്ന കീഴ്‌വഴക്കമനുസരിച്ച് അങ്ങ് നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. സാധാരണ നിലയ്ക്ക് അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ അത് ചർച്ച ചെയ്യേണ്ട എന്നൊരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും മറുപടിയായി വന്നാൽ ആരാണോ പ്രമേയാവതാരകൻ അദ്ദേഹത്തെ അങ്ങ് വിളിക്കാറുണ്ട്. ആ നടപടിക്രമം അല്ലല്ലോ ചർച്ച അംഗീകരിച്ചുകഴിഞ്ഞാലുണ്ടാവുക. സഭയുടെ നടപടിക്രമമനുസരിച്ച് കക്ഷികൾ നിശ്ചയിക്കുന്ന ആളുകളെ ക്രമമനുസരിച്ച് അങ്ങ് വിളിക്കുകയാണ് സാധാരണ ഉണ്ടാവുക. അത്തരം കാര്യങ്ങൾ അങ്ങ് സ്വീകരിച്ചത് തീർത്തും സഭാനടപടിക്രമം അനുസരിച്ചുള്ളതാണ്. അതും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദ്യം ചെയ്യുന്നതായി കാണുകയുണ്ടായി, അത് ഔചിത്യമായില്ല എന്നുതന്നെയാണ് എനിക്ക് ഇപ്പോഴും പറയാനുള്ളത്. അതുകൊണ്ട് ഇന്നത്തെ നിലയിൽ ഈ പ്രമേയം പാസ്സാക്കേണ്ടതുതന്നെയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.